കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 04/11/2010 ലെ സ.ഉ.(കൈ.) നം.113/10/പജപവവിവ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ. (കൈ.) നം. 55/2012/പജപവവിവ. തീയതി , തിരുവനന്തപുരം, 04.04.2012

---

പരാമർശം : (1) 04.11.2010 ലെ സ.ഉ.(കൈ.) നം.113/10/പജപവവിവ
(2) 22.08.2011 ലെ 25638/എഫ് 3/09/പജപവവിവ നമ്പർ സർക്കാർ സർക്കുലർ

## ഉത്തരവ്

ലത്തീൻ കത്തോലിക്ക സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 04.11.2010-ലെ സ.ഉ.(കൈ.) നം. 113/2010/പജപവവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുസരിച്ച് 1947-ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും, അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അർഹതയുള്ളൂ. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന '1947' എന്നത് ഒഴിവാക്കിക്കൊണ്ട് ലത്തീൻ കത്തോലിക്കാ മത വിശ്വാസികളായി ജീവിക്കുന്നുവെന്ന് ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ച് എല്ലാ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്ക സമുദായാംഗങ്ങളായിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിക്കേണ്ടതാണ്. ടി രേഖയുടെയും വില്ലേജ് ആഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടേയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന് പരാമർശം ഒന്നിലെ ഉത്തരവിൽ ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(3) മേൽ ഭേദഗതിയോടെ പരാമർശം ഒന്നിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.എസ്.സുബ്ബയ്യ
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട്
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ,തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

Generated by CamScanner from intsig.com